# സന്ധ്യ

അവൻ പറഞ്ഞു:

-പെണ്ണേ നീയെൻ ജീവന്റെ ജീവനാണ്, ശ്വാസമണ്, സ്വപ്നമാണ്.  മയക്കുന്ന മായയണ്, സത്യമാണ്.  എന്റെ ധ്യാനത്തിന്റ മാധ്യമമാണ്, ക്ഷേത്ര സന്നിധിയിൽ മിഴപൂട്ടിനിൽകെ ദേവിയുടെ മുഖഛായയിലേക്ക് പടർന്നു കയറുകയാണ്.....

-എന്റെ രോമകൂപങ്ങളിലൂടെ സിരകളിലേക്ക്, ശരീരമാകെ, ബോധമാകെ നിറഞ്ഞ്...നിറഞ്ഞ്......

-നിന്നെ സ്പർശിക്കുമ്പോൾ, നിന്നെ മുകരുമ്പോൽ, നിന്നിലലിയുമ്പോൾ ഞാനില്ലാതകുന്നു..... നീയില്ലാതാകുന്നു...... നമ്മളില്ലാതയിട്ട് ഒന്നു മാത്രം ശേഷിക്കുന്നു...

-നീയില്ലാതെനിക്ക് ജീവിക്കാൻ കഴിയതെയായിരിക്കുന്നു...

അവളോ, അവനോടൊത്ത് എവിടയെല്ലാമോ യത്ര ചെയ്തു,  പല പല ദേശങ്ങളിലൂടെ, സംസ്കാരങ്ങളിലൂടെ, പലതും കണ്ടും അറിഞ്ഞും ഒരുനാൾ തിരിച്ചുവന്ന് സ്വമുറിയിലെ സീലിംഗ് ഫാനിൽ ചുരിദാറിന്റ ഷാളിൽ തൂങ്ങി, ഒരു കുറിപ്പുമാത്രം ശേഷിപ്പായിവച്ച്......

പത്രങ്ങളിലും ചാനലുകളിലും വാർത്തയാകാതെ, പോലീസ് സ്റ്റേഷനിലും കോടതിയിലും കയറിയിറങ്ങാതെ  യാത്രയായി.

@@@@@@@@@@